# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.351/PR/PIC/PHQ/15 Date :15.06.2015

---

## അഴിമതി കണ്ടെത്തി തടയാന്‍ പോലീസ് ഇന്റേണല്‍ വിജിലന്‍സ് സെല്‍ പുന:സംഘടിപ്പിച്ചു

പോലീസ് സേനയില്‍ അഴിമതി കണ്ടെത്തി തടയുന്നതിന് ആന്തരിക നിരീക്ഷണ സംവിധാനം ശക്തമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ടി.പി.സെന്‍കുമാര്‍ അറിയിച്ചു. ഇതിന്റെ ഭാഗമായി എ ഡി ജി പി (ക്രൈംസ്) എസ് ആനന്ദകൃഷ്ണന്‍ അധ്യക്ഷനായി ഇന്റേണല്‍ വിജിലന്‍സ് സെല്‍ രൂപീകരിച്ചു. എസ് സുരേഷ് (ഐ ജി പി, കേരള പോലീസ് അക്കാഡമി), പി വിജയന്‍ (ഡി ഐ ജി, ഇന്റലിജന്‍സ്) ജയാനന്ദ് ജെ ( എസ് പി, ഐ എസ്, എസ് ബി സി ഐ ഡി) എന്‍ രാമചന്ദ്രന്‍ (എസ് പി, ഇ ഒ ഡബ്ല്യു II , കോട്ടയം) മോഹനചന്ദ്രന്‍ നായര്‍ എം പി ( ഡി വൈ എസ് പി, എസ് ബി സി ഐ ഡി, മലപ്പുറം) റെജി ജേക്കബ് (എ സി പി, ഡിസ്ട്രിക്ട് എസ് ബി, തിരുവനന്തപുരം സിറ്റി) എന്നിവരാണ് മറ്റ് അംഗങ്ങള്‍.

വിജിലന്‍സ് സെല്ലില്‍ അംഗമായ ഉദ്യോഗസ്ഥര്‍ പോലീസ് സ്റ്റേഷനുകള്‍, സര്‍ക്കിള്‍ ഓഫീസുകള്‍, സബ്ബ് ഡിവിഷന്‍ ഓഫീസുകള്‍ മറ്റ് പോലീസ് ഓഫീസുകള്‍ എന്നിവിടങ്ങളിലോ പൊതുസ്ഥലങ്ങളിലോ നടക്കുന്ന പോലീസ് കര്‍ത്തവ്യനിര്‍വഹണ പ്രവര്‍ത്തനങ്ങളില്‍ അഴിമതി നടക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിന് മുന്നറിയിപ്പില്ലാതെയുള്ള പരിശോധന നടത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി നിര്‍ദേശിച്ചു. അഴിമതി സംബന്ധിച്ച് മാത്രമാകും വിജിലന്‍സ് സെല്‍ അംഗങ്ങള്‍ പരിശോധന നടത്തുക. പരിശോധന സംബന്ധിച്ച വിവരങ്ങള്‍ അതത് സമയങ്ങളില്‍ ബന്ധപ്പെട്ട യൂണിറ്റ് മേധാവിക്കു നല്‍കണം. ഹെഡ് ക്വാര്‍ട്ടേഴ്സ് എ ഡി ജി പി ക്കോ അല്ലെങ്കില്‍ ഡി ജി പി ക്കോ റിപ്പോര്‍ട്ടിന്റെ ഒറിജിനല്‍ നേരിട്ട് അയയ്ക്കണം.

വിജിലന്‍സ് സെല്‍ അംഗങ്ങള്‍ക്ക് പരിശോധനയ്ക്കെത്തുമ്പോള്‍ ആവശ്യമായ എല്ലാ സഹായവും പോലീസ് സേനയിലെ എല്ലാ ഉദ്യോഗസ്ഥരും നല്‍കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിര്‍ദ്ദേശിച്ചു.